16
2021 ഒക്ടോബർ ശനി
1197 കന്നി 30


NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 173 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-173 | പേജ് 4. വില 2.00 രൂപ




02 സ്വിറ്റ്സർലൻഡ് സ്വദേശികളിൽ നിന്ന് കോടികൾ തട്ടിയ സംഭവം: അന്വേഷണം തുടങ്ങി

03 അഞ്ചു കിലോ സ്വർണം; തുണിയിൽ ഉരുക്കിത്തേച്ച യുവതിയടക്കം പിടിയിൽ

04 ഇന്ത്യയെ വൻസൈനികശക്തിയാക്കും: പ്രധാനമന്ത്രി

# സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുന്നത് അറിവാണ് : മുഖ്യമന്ത്രി

മഹാനവമി വിജയദശമി ആശംസകൾ നേർന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അറിവാണ് ഒരു സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതുകൊണ്ടാണ് വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ട സാമൂഹ്യപ്രവർത്തനമായി പരിഗണിക്കപ്പെടുന്നത്.

വിദ്യാരംഭ ദിനത്തിൽ നിരവധി കുഞ്ഞുങ്ങളാണു അറിവിന്റെ ലോകത്തേക്ക് ആദ്യ ചുവടു വയ്ക്കുന്നത്. ഇന്ന് നേഹ, നിയ, കനി, ഫിദൽ എന്നീ കുഞ്ഞുങ്ങളെ മുഖ്യമന്ത്രി എഴുത്തിനിരുത്തി. കോവിഡ് മഹാമാരിയെ തുടർന്ന് ദീർഘകാലം അടച്ചിട്ട വിദ്യാലയങ്ങൾ കുറച്ചു ദിവസങ്ങൾക്കുള്ളിൽ തുറന്നു പ്രവർത്തിക്കാൻ പോകുന്നു എന്നതും സന്തോഷകരമായ കാര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. നമ്മുടെ കുഞ്ഞുങ്ങൾക്കായി ഏറ്റവും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കാനും നാടിന്റെ ശോഭനമായ ഭാവി ഉറപ്പുവരുത്താനും ഒരുമിച്ച് നിൽക്കാം. എല്ലാവർക്കും മഹാനവമി വിജയദശമി ആശംസകൾ നേരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.



ജനങ്ങളെ ഏകോപിപ്പിക്കുന്നതിനേക്കാൾ എത്രകണ്ട് ഭിന്നിപ്പിക്കാം എന്നാണ് കേന്ദ്രഭരണകൂടവും അതിന്റെ വക്താക്കളും ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ചരിത്രം വളച്ചൊടിക്കുന്നതും കൃത്രിമമായി ചരിത്രം സൃഷ്ടിക്കുന്നതും അതിന്റെ ഭാഗമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ അറുപത്തി മൂന്നാം സംസ്ഥാന സമ്മേളനം മഹാത്മാ അയ്യങ്കാളി ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സവർക്കർ മാപ്പെഴുതിക്കൊടുത്തത് ഗാന്ധിജി നിർദ്ദേശിച്ചിട്ടാണ് എന്നാണ് പുതിയ കഥ. എന്നാൽ നീണ്ട ജയിൽ ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ഗാന്ധിജി മാപ്പപേക്ഷിച്ചിട്ടില്ല. നിരവധി കാലം ജയിലിൽ കിടന്ന എ.കെ.ജി മാപ്പഴുതിക്കൊടുത്ത് പുറത്തുവന്നില്ല. സവർക്കറെ ന്യായീകരിക്കാൻ ഗാന്ധിജിയെ രണ്ടാമതും കൊലപ്പെടുത്തുകയാണ് സംഘപരിവാർ. ശാസ്ത്ര ചിന്തയ്ക്കു പകരം അന്ധവിശ്വാസവും വ്യാജ ചരിത്രവും കേന്ദ്ര സർക്കാർ തന്നെ പ്രചരിപ്പിക്കുന്ന ഈ ഘട്ടത്തിൽ ഒരു അക്കാദമിക് സമൂഹം എന്ന നിലയിൽ ശരിയായ കാര്യങ്ങളെ തുറന്നു കാണിക്കാൻ അധ്യാപക സംഘടനയ്ക്ക് ബാധ്യതയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

സമ്മേളനത്തിൽ ഉന്നത വിദ്യാഭ്യാസമന്ത്രി ഡോ. ആർ ബിന്ദു മുഖ്യപ്രഭാഷണം നടത്തി. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖലയിൽ സമഗ്ര മാറ്റത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞതായി മന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭാസ പരിഷ്കരണം, സർവകലാശാല നിയമപരിഷ്കരണം, പരീക്ഷാ നവീകരണം എന്നിവ പഠിച്ചു റിപ്പോർട്ട് നൽകുന്നതിനായി കമ്മീഷനുകളെ നിയമിച്ചു കഴിഞ്ഞു. അധ്യാപകരുടെ വർക്ക് ലോഡിലെ ആശയക്കുഴപ്പം പരിഹരിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപവത്കരിക്കുമെന്നും സേവനവേതന അപേക്ഷകളും പരാതികളും പരിഹരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിൽ അദാലത്തുകൾ നടത്തുമെന്നും ഡോ. ആർ ബിന്ദു പറഞ്ഞു.

വാക്സിൻ ചലഞ്ചിലേയ്ക്ക് അധ്യാപകരുടെ സംഭാവനയായ 4.29 കോടി രൂപയുടെ സമ്മതപത്രം സമ്മേളനത്തിൽ മുൻ സംസ്ഥാന പ്രസിഡന്റ് എ.ജി. ഒലീന ഉന്നത വിദ്യാഭാസ മന്ത്രിയ്ക്കു കൈമാറി. സംഘടനയുടെ വെബ്സൈറ്റിന്റെ പ്രകാശനവും വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി നടത്തിയ സാഹിത്യ മത്സര വിജയികൾക്കുള്ള സമ്മാദാനവും ഉന്നത വിദ്യാഭ്യാസമന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് അധ്യക്ഷത വഹിച്ചു. എഫ് എസ് ഇ ടി ഒ സംസ്ഥാന പ്രസിഡന്റ് എൻ ടി ശിവരാജൻ പ്രസംഗിച്ചു.

202122 വർഷത്തെ അംഗത്വ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രഖ്യാപനം സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. എം. ശ്രീകുമാറും അഭിമന്യു അവാർഡ് പ്രഖ്യാപനം സംസ്ഥാന വൈസ് പ്രസിഡന്റ് ഷീല. എം.ജോസഫും നിർവ്വഹിച്ചു. എ കെ പി സി ടി എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. ടി. ആർ. മനോജ് നന്ദിയും പറഞ്ഞു.

പ്രതിനിധി സമ്മേളനത്തിൽ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട നൂറ്റമ്പത് പ്രതിനിധികൾ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പങ്കെടുത്തു. പ്രസിഡന്റ് ജോജി അലക്സ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. കെ ആർ കവിത വരവ് ചെലവ് കണക്കുകളും വാർഷിക ബജറ്റും അവതരിപ്പിച്ചു. തുടർന്ന് ജില്ലകളെ പ്രതിനിധീകരിച്ച് അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

# തീരനിയമങ്ങൾക്കുള്ളിൽ വീടു പണിയാൻ ഭരണ പ്രതിപക്ഷം ഒന്നിച്ചു



**അസംബ്ലി കോക്ക്ടെയിൽ**

**യേശുദാസ് വില്യം**

കേരളത്തിന്റെ ഒരു ഭാഗത്ത് വനാതിർത്തിയുടെ കാർക്കശ്യ നിയമങ്ങൾ, മധ്യ ഭാഗത്ത് നീർത്തടങ്ങളും പുഴകളും പടിഞ്ഞാറ് അറുന്നൂറു കിലോമീറ്ററോളം തീരദേശം. ഇവിടെ കേന്ദ്രം നടപ്പിലാക്കിയിരിക്കുന്ന തീരദേശ പരിപാലന നിയമത്തിന്റെ കെട്ടുപാടിൽ നിന്നും തീരത്തെ പാവങ്ങളെ മോചിപ്പിക്കാൻ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചു നിന്നു കിണഞ്ഞു പരിശ്രമിക്കുന്നെങ്കിലും ഇതുവരെ അറബിക്കടലിന്റെ വേലിയേറ്റവും വേലിയിറക്ക പരിധിയും നിർണ്ണയിക്കാൻ ആയിട്ടില്ല.പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ട വീടുകൾക്ക് പോലും ഈ നിയമം മൂലം അനുമതിയില്ലാതെ കിടക്കുന്നുവെന്നാണ് ഈ വിഷയം അടിയന്തിര പ്രമേയത്തിലൂടെ സഭയിൽ ഉന്നയിച്ച കെ.ബാബുവിനു പറയാനുള്ളത്.

സംഭവം അത്യന്തം ഗൗരവമുള്ളതു തന്നെയാണ്. 1991 ലാണ് കേന്ദ്ര സർക്കാർ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിച്ചത്.സംസ്ഥാനങ്ങളുടെ പരാതികളും നിയമത്തിലെ ന്യൂനതകളും പരിഹരിച്ചു കൊണ്ട് 2011 ൽ വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് ഡോ.ശൈലേഷ് നായിക് കമ്മറ്റി കേരളത്തിലെ ത്തി നിയമത്തിലെ പ്രായോഗിക വിഷയങ്ങൾ പഠിച്ച്. വേണ്ട മാറ്റങ്ങൾ വരുത്തി 2019 തിൽ വീണ്ടും വിജ്ഞാപനം ചെയ്തു.ഇതിൽ കേരളത്തിലെ ജനസാന്ദ്രതയെ അടിസ്ഥാനപ്പെടുത്തി വേലിയേറ്റ മേഖലയിൽ നിന്നും നേരത്തെ ഉള്ളതിൽ നിന്നു ഇളവുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.പക്ഷേ ഇതു നടപ്പിലാവണമെങ്കിൽസംസ്ഥാന സർക്കാർ തിരപരിപാലന പദ്ധതി പുതുക്കി കേന്ദ്രത്തിനു സമർപ്പിക്കണം.വിജ്ഞാപനം വന്നു മൂന്നു കൊല്ലമായിട്ടും പദ്ധതിയുടെ പൂർണ്ണ രൂപം ഉണ്ടാക്കുന്നതിനും കേന്ദ്രത്തിനു സമർപ്പിക്കുന്നതിനും സർക്കാരിനു കഴിഞ്ഞില്ലന്നാണ് പ്രതിപക്ഷനേതാവിന്റെ ആക്ഷേപം.

കേന്ദ്രത്തിലും കേരളത്തിലും ഭരണമുണ്ടായിരുന്നപ്പോൾ എളുപ്പത്തിൽ സാധിക്കാമായിരുന്നവർക്ക് ഇപ്പോൾ കുറ്റപ്പെടുത്തുന്നത് ജാള്യത മറക്കുവാനാണന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കോവിഡ് കാലത്ത് ജനാഭിപ്രായം സ്വരൂപിക്കുന്നതിനുള്ള പ്രായോഗികമായ പരിമിതിയും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.എന്നാൽ തീരമേഖലയിലുള്ളവരുടെ പ്രശ്നമായതിനാൽ ഒന്നിച്ചു നിന്ന് മുന്നോട്ടു പോകേണ്ട വിഷയമാണന്നും മുഖ്യമന്ത്രി പറഞ്ഞു.എന്നാൽ കോവിഡ് മഹാമാരി ഏറ്റവും അപകടം വിതച്ച മഹാരാഷ്ട്ര സർക്കാർ പുതിയ മാർഗ്ഗരേഖ കേന്ദ്രത്തിനു സമർപ്പിച്ച കാര്യം വിഡി സതീശൻ ചൂണ്ടിക്കാട്ടി.കേരളത്തിലെ തീരദേശ ജില്ലകൾക്കു പുറമെ കായൽ പ്രദേശങ്ങൾ തുരുത്തുകൾ എന്നിവിടങ്ങളിലുള്ള നിർമ്മിതികൾക്കാണ് തടസ്സം നേരിടുന്നത്.ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ തീരങ്ങളിൽ വേലിയേറ്റ സ്ഥലത്തു നിന്നും അൻപതു മീറ്റർ ദൂരപരിധിയിൽ നിർമ്മിതികൾക്ക് അനുമതി ലഭിക്കും. എന്നാൽ സംസ്ഥാന സർക്കാർ പുതുക്കിയ മാർഗ്ഗരേഖ സമർപ്പിക്കാത്തിടത്തോളം 2011 വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 500 മീറ്റർ ദൂരപരിധിയിൽ മാത്രമേ അനുമതി ലഭിക്കു.ഇതുമൂലം നിയമവിധേയമല്ലാത്ത ആയിരക്കണക്കിനു കെട്ടിടങ്ങൾ കേരളത്തിലുണ്ട്.പുതിയ മാർഗ്ഗരേഖ സമർപ്പിച്ചാൽ ഇതിനെല്ലാം ശാപമോക്ഷം ലഭിക്കും.

പക്ഷേ എപ്പോൾ എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു.

# കെഎസ്ആർടിസിയിൽ മൂന്നാമതും കൂട്ടസ്ഥലമാറ്റം; ഉത്തരവ്

ചാത്തന്നൂർ: കെഎസ്ആർടിസിയിൽ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും സ്ഥലം മാറ്റിക്കൊണ്ട് മൂന്നാമതും ഉത്തരവിറക്കി.ആദ്യ രണ്ടു ഘട്ടത്തിലും ഇറക്കിയ ഉത്തരവുകളിലെ അപാകതകളും പരാതികളും പരിഹരിച്ചുകൊണ്ടും കോടതി ഉത്തരവുകൾ പാലിച്ചുകൊണ്ടുമാണ് ചൊവ്വാഴ്ചത്തെ ഉത്തരവ് എന്ന് കോർപ്പറേഷൻ അവകാശപ്പെടുന്നുണ്ട്. ഫലത്തിൽ മൂന്നാമത് ഇറങ്ങിയ ഉത്തരവും കൂട്ടസ്ഥലം മാറ്റം തന്നെയെന്ന് ജീവനക്കാർ .

കഴിഞ്ഞ ഫെബ്രുവരിയിലാണ് ആദ്യത്തെ സ്ഥലം മാറ്റ ഉത്തരവുണ്ടായത്. അതിനെതിരെ ജീവനക്കാർ കോടതിയെ സമീപിച്ചു. പരാതികളും ആക്ഷേപങ്ങളും പരിഹരിച്ച് മൂന്ന് മാസത്തിനകം പുതിയ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കാൻ കോടതി നിർദ്ദേശിച്ചു. ഇതനുസരിച്ച് രണ്ടാമതും സ്ഥലംമാറ്റ ഉത്തരവിറക്കി. ഈ ഉത്തരവിനെതിരെ വ്യാപകമായ പരാതികൾ ഉയർന്നു.

1,458 കണ്ടക്ടർമാരാണ് പരാതികൾ നല്കിയത്. വീണ്ടും ജീവനക്കാർ കോടതിയെ സമീപിക്കുമെന്ന ഘട്ടമായപ്പോൾ ആ ഉത്തരവ് മരവിപ്പിച്ചു. സ്ഥലം മാറ്റ പട്ടിക കരട് പട്ടികയായി പ്രഖ്യാപിച്ച് ജീവനക്കാരുടെ പരാതികൾ കൂടി കേട്ട ശേഷമാണ് ഇപ്പോൾ മൂന്നാമതും സ്ഥലം മാറ്റ ഉത്തരവ് ഇറക്കിയത്.

കണ്ടക്ടർ, ഡ്രൈവർ അനുപാതം 1:1 ആക്കുക എന്ന ലക്ഷ്യത്തിൻറെ ഭാഗമായി ഇപ്പോൾ ഒരു ഷെഡ്യൂളിന് 2.4 മുതൽ 2.5 വരെ കണ്ടക്ടർമാരെയും 25 മുതൽ 2.6 വരെ ഡ്രൈവർമാരെയുമാണ് നിയമിച്ചിരിക്കുന്നത്. തൊട്ടടുത്ത യൂണിറ്റുകളിലേക്കാണ് സ്ഥലം മാറ്റം നല്കിയിട്ടുള്ളതെന്നും ഉത്തരവിലുണ്ട്. പുതുതായി ആരംഭിക്കുന്ന സിറ്റി സർക്കുലർ, ക്രൂ ചെയ്ഞ്ച് എന്നിവയിൽ വ്യത്യസ്ത രീതിയിലാണ് വിന്യസിച്ചിരിക്കുന്നത്.

# കെഎസ്ഇബി ജീവനക്കാരൻ ചമഞ്ഞ് തട്ടിപ്പ്; പ്രതി പിടിയിൽ

കെഎസ്ഇബിയുടെ വ്യാജ തിരിച്ചറിയൽ കാർഡുണ്ടാക്കി കാക്കി യൂണിഫോമും ധരിച്ച് വീടുകളിലെത്തി തട്ടിപ്പ് നടത്തിയ ആളെ പോലീസ് പിടികൂടി. ഓച്ചിറ വലിയകുളങ്ങര ചിറയിൽ വീട്ടിൽ താമസിച്ചു വരുന്ന സജീർ ( 42 ) ആണ് കായംകുളം പോലീസിൻറെ പിടിയിലായത്.

ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരനാണെന്ന വ്യാജേന വീടുകളിലെത്തി വൈദ്യുതി ചാർജ് കുടിശികയുണ്ടെന്നും കുടിശിക അടച്ചില്ലെങ്കിൽ വീടിൻറെ കണക്ഷൻ വിച്ഛേദിക്കുമെന്നും പറഞ്ഞ് ആളുകളിൽ നിന്നും പണം തട്ടി വരുന്നതിനിടയിലാണ് ഇയാൾ പിടിയിലായത്. കായംകുളം പണിപ്പുര തെക്കതിൽ വീട്ടിൽ നിന്നും ഇയാളെ പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. തട്ടിപ്പിനിരയായവർ വൈദ്യുതി ബോർഡിനെ സമീപിച്ചതിനെ തുടർന്ന് കായംകുളം വെസ്റ്റ് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കായംകുളം പോലീസ് നടത്തിയ അന്വേഷണത്തിനൊടുവിലാണ് സജീറിനെ പിടികൂടിയത്.

# അഫ്ഗാനിസ്ഥാനിൽ ഷിയാ പള്ളിയിൽ സ്ഫോടനം; 32 മരണം

കാബൂൾ: അഫ്ഗാനിസ്ഥാനിലെ കാണ്ഡഹാറിൽ ഷിയ പള്ളിയിലുണ്ടായ സ്ഫോടനത്തിൽ 32 പേർ കൊല്ലപ്പെട്ടു. 53 പേർക്ക് പരിക്കേറ്റു. വെള്ളിയാഴ്ച പ്രാർഥനയ്ക്കിടെ ബിബി ഫാത്തിമ പള്ളിയിലാണ് സ്ഫോടനമുണ്ടായത്.

സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിവരികയാണെന്ന് താലിബാൻ വക്താവ് അറിയിച്ചു. വെള്ളിയാഴ്ച പ്രാർഥനയ്ക്ക് നിരവധി പേർ പള്ളിയിലുണ്ടായിരുന്നതായും അദ്ദേഹം അറിയിച്ചു.

ആക്രമണത്തിൻറെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല. മരണസംഖ്യ ഉയരാൻ സാധ്യതയുണ്ടെന്നും അധികൃതർ അറിയിച്ചു.

കഴിഞ്ഞ ആഴ്ച അഫ്ഗാനിലെ കുൺഡുസ് നഗരത്തിലെ സെയ്ദ് അബാദ് പള്ളിയിൽ ഉണ്ടായ സ്ഫോടനത്തിൽ 50 പേർ കൊല്ലപ്പെട്ടിരുന്നു. അമേരിക്കൻ സൈന്യം അഫ്ഗാൻ വിട്ടതിനുശേഷമുണ്ടായ ഏറ്റവും വലിയ ബോംബ് ആക്രമണമായിരുന്നു ഇത്.

# ഉത്തർപ്രദേശിൽ ട്രാക്ടർ മറിഞ്ഞ്11 പേർ മരിച്ചു

ഝാൻസി: ഉത്തർപ്രദേശിൽ ട്രാക്ടർട്രോളി മറിഞ്ഞ് നാല് കുട്ടികൾ ഉൾപ്പെടെ 11 പേർ മരിച്ചു. ആറ് പേർക്ക് പരിക്കേറ്റു. ഝാൻസിയിലെ ചിർഗാവിലാണ് സംഭവം.

റോഡിനു കുറുകെ കടന്ന കന്നുകാലിയെ ഇടിക്കാതിരിക്കാൻ ഡ്രൈവർ പെട്ടെന്ന് ബ്രേക്ക് ചെയ്തതോടെ വാഹനം തലകീഴായി മറിയുകയായിരുന്നു. വാഹനത്തിൽ 30 പേർ ഉണ്ടായിരുന്നു.

മധ്യപ്രദേശിലെ പൺഡോഖറിൽനിന്ന് ഇറാച്ചിലേക്ക് പോകുകയായിരുന്ന കുടുംബാംഗങ്ങളാണ് അപകടത്തിൽപ്പെട്ടതെന്ന് എസ്പി ശിവഹരി മീണ പറഞ്ഞു.

# കേരളത്തിൽ ഇന്ന് 8867 പേർക്ക് കോവിഡ്



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 8867 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1377, തിരുവനന്തപുരം 1288, തൃശൂർ 1091, കോഴിക്കോട് 690, കോട്ടയം 622, കൊല്ലം 606, മലപ്പുറം 593, ആലപ്പുഴ 543, കണ്ണൂർ 479, ഇടുക്കി 421, പാലക്കാട് 359, പത്തനംതിട്ട 291, വയനാട് 286, കാസർഗോഡ് 221 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 79,554 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 158 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 211 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,27,682 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,17,060 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 10,622 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 781 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 94,756 കോവിഡ് കേസുകളിൽ, 9.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 67 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 26,734 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 32 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 8434 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 337 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 64 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 9872 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1462, കൊല്ലം 690, പത്തനംതിട്ട 544, ആലപ്പുഴ 572, കോട്ടയം 680, ഇടുക്കി 370, എറണാകുളം 1641, തൃശൂർ 1296, പാലക്കാട് 582, മലപ്പുറം 750, കോഴിക്കോട് 377, വയനാട് 91, കണ്ണൂർ 681, കാസർഗോഡ് 136 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 94,756 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 47,16,728 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# കേരളത്തിൽ രണ്ടു ഡോസ് വാക്സിൻ സ്വീകരിച്ച 2797 പേർക്ക് ഇന്ന് കോവിഡ്, കണക്കുകൾ

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ച 8867 പുതിയ രോഗികളിൽ 7428 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 2331 പേർ ഒരു ഡോസ് വാക്സിനും 2797 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 2300 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 93.7 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,50,45,318), 44.9 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,20,06,707) നൽകി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (10,37,890).

കോവിഡ് വാക്സിനുകൾ ആളുകളെ അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രിവാസത്തിൻറെയും മരണത്തിന്റെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

ഒക്ടോബർ എട്ട് മുതൽ 14 വരെയുള്ള കാലയളവിൽ, ശരാശരി 1,04,626 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ രണ്ട് ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.5 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 16,588 കുറവ് ഉണ്ടായി.

പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 20 ശതമാനവും കുറവ് ഉണ്ടായിട്ടുണ്ട്. നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 20, 15, 36, 11, 15, 20 ശതമാനമായി കുറഞ്ഞു. ആശുപത്രിവാസത്തിൻറെ നിരക്കും ഗുരുതരമായ കേസുകളും കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്.

# നടപടിക്രമം ലഘൂകരിച്ച് ഉത്തരവായി സർക്കാർ സേവനങ്ങൾ ഇനി എളുപ്പത്തിൽ ലഭ്യമാകും ജില്ലാ കലക്ടർ

സർക്കാരിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ അതിവേഗത്തിലാക്കാൻ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ചെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. രേഖകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. ബിസിനസിനും വാണിജ്യ ആവശ്യത്തിനുമൊഴികെ അപേക്ഷാ ഫീസ് ഒഴിവാക്കി. ഫോമുകൾ ലളിതമാക്കി കഴയുന്നതും ഒരു പേജിലേക്ക് ചുരുക്കി.

ഒരു സർട്ടിഫിക്കറ്റ് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം, അതിന്റെ കാലയളവ് ഏറ്റവും കുറഞ്ഞത് ഒരു വർഷമായിരിക്കും. നേറ്റിവിറ്റി സർട്ടിഫിക്കറ്റനായി കേരളത്തിൽ ജനിച്ചവർക്ക് ജനന സർട്ടിഫിക്കറ്റോ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ അഞ്ച് വർഷം പഠിച്ചതിന്റെ രേഖയോ മതിയാകും. കേരളത്തിന് പുറത്ത് ജനിച്ചവർക്ക് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അനിവാര്യം. ഓൺലൈനായി അപേക്ഷിച്ച് അഞ്ച് ദിവസത്തിനുള്ളിൽ ലഭിക്കും വിധമാണ് പുതിയ ക്രമീകരണം.

ആധാർ/ഏറ്റവും പുതിയ വൈദ്യുതി/കുടിവെള്ള/ടെലഫോൺ ബിൽ/കെട്ടിട നികുതി രസീത് ഏതെങ്കിലും റസിഡന്റ്സ് സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കും. ഇതൊന്നുമില്ലാത്തവർ തദ്ദേക സ്ഥാനങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങണം.

എസ്. എസ്. എൽ. സി. ബുക്ക്/വിദ്യാഭ്യാസ രേഖയിൽ മതം രേഖപ്പെടുത്തയിട്ടുണ്ടെങ്കിൽ മൈനോറിറ്റി സർട്ടിഫിക്കറ്റ് ആവശ്യമില്ല. അങ്ങനെയല്ലാത്തവർക്ക് വില്ലേജ് ഓഫീസർ/തഹസിൽദാർക്ക് അപേക്ഷ ഓൺലൈനായി നൽകി അഞ്ച് ദിവത്തിനുള്ളിൽ വാങ്ങാം. സത്യവാങ്മൂലം അപേക്ഷകൻ നൽകണം.

ലൈഫ് സർട്ടിഫിക്കറ്റിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ 'ജീവൻപ്രമാൺ' ബയോമെട്രിക് ഡിജിറ്റൽ സംവിധാനം ഉപയോഗിക്കണം. ട്രഷറിയിലും ബാങ്കിലും സേവനം ലഭ്യമാണ്.

അപേക്ഷകന്റെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയാൽ 'വൺ ആന്റ് ദ സെയിം' സർട്ടിഫിക്കറ്റ് ലഭിക്കും.

റേഷൻ കാർഡ്, സ്കൂൾ സർട്ടിഫക്കറ്റ്, ആധാർ, പാസ്പോർട്ട്, ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതിലെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ വില്ലേജ് ഓഫീസർ/തഹസിൽദാർ നൽകുന്ന പ്രത്യേക ബന്ധുത്വ സർട്ടിഫിക്കറ്റ് ആവശ്യമില്ല.

അപേക്ഷകന്റെ റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെയെല്ലാം പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കാർഡ് തന്നെ കുടുംബാംഗത്വ രേഖയായി കണക്കാക്കും. അല്ലാത്തവർക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധം.

ഗസറ്റഡ് ഓഫീസർ നൽകുന്ന അപേക്ഷകന്റെ ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റായി പരിഗണിക്കും.

ജാതി സർട്ടിഫിക്കറ്റായി അപേക്ഷകന്റെ എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ്/വിദ്യാഭ്യാസ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൃത്യമായ വിവരമാണ് പരിഗണിക്കുക. പ്രത്യേകം സർട്ടിഫിക്കറ്റ് ആവശ്യമില്ല. അച്ഛനമ്മമാർ വ്യത്യസ്ത ജാതിയലുൾപ്പെട്ടവരാണെങ്കിൽ അവരുടെ/അവരിലൊരാളുടെ എസ്. എസ്. എൽ. സി ബുക്ക്/വിദ്യാഭ്യാസ രേഖയിൽ ഉൾപ്പെടുത്തിയ ജാതി തെളിവായി പരിഗണിക്കും.

ഭാര്യയുടെയും ഭർത്താവിന്റെയും എസ്. എസ്. എൽ. സി ബുക്ക്/വിദ്യാഭ്യാസ രേഖയിൽ കൃത്യമായി രേഖപ്പെടുത്തയിട്ടുള്ളതും സബ് രജിസ്ട്രാർ/തദ്ദേശ സ്ഥാപനം നൽകിയ വിവാഹ സർട്ടിഫിക്കറ്റും സത്യവാങ്മൂലവും നൽകി മിശ്ര വിവാഹ സർട്ടിഫിക്കറ്റ് വാങ്ങാം.

ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോടെ ലൊക്കേഷൻ മാപ്പ്സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാതാകും.

ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷന്റെ ഭാഗമായി വിദേശത്ത് പോകുന്ന തൊഴിലന്വേഷകർക്ക് ഓൺലൈനായി സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാൻ അനുവദിക്കും. സർവ്വകലാശാലകൾ, പരീക്ഷാഭവൻ, ഹയർ സെക്കന്ററി വിഭാഗം, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയ്ക്ക് ലോഗിൻ സൗകര്യം ലഭ്യമാക്കും. സർട്ടിഫിക്കറ്റുകളുടെ ആധികാരകത ഓൺലൈനായി പരിശോധിക്കുന്നതിനാണിത്. ഡെപ്യൂട്ടി കലക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് നിർവഹണ ചുതമതല. പരിശോധനയ്ക്ക് ശേഷം അറ്റസ്റ്റേഷൻ പൂർത്തിയാക്കി സേവനം ലഭിക്കേണ്ട വ്യക്തിയെ മുൻകൂട്ടി അറിയിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതാണ് ഇനിയുള്ള രീതി എന്നും കലക്ടർ വ്യക്തമാക്കി.

# ഇടയ്ക്കിടയ്ക്ക് കൈ കഴുകാൻ ഓർമ്മിക്കുക: മന്ത്രി വീണാ ജോർജ്

ഇടയ്ക്കിടയ്ക്ക് ഫലപ്രദമായി കൈ കഴുകാൻ എല്ലാവരും ഓർമ്മിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. നമ്മളിപ്പോഴും കോവിഡിന്റെ പിടിയിൽ നിന്നും പൂർണമായി മുക്തരല്ല. കോവിഡ് പ്രതിരോധത്തിന്റെ വലിയ പാഠങ്ങളാണ് മാസ്ക് ധരിക്കുക, സാനിറ്റൈസറോ സോപ്പോ ഉപയോഗിച്ച് കൈ കഴുകുക, സാമൂഹിക അകലം പാലിക്കുക എന്നിവ.

ഫലപ്രദമായി കൈ കഴുകുന്നതിലൂടെ കോവിഡിനെപ്പോലെ പല പകർച്ച വ്യാധികളിൽ നിന്നും നമുക്ക് സംരക്ഷണം ലഭിക്കും. ലോക കൈകഴുകൽ ദിനത്തിന്റെ ഭാഗമായി എല്ലാവരും ഫലപ്രദമായി കൈകഴുകുന്നത് അറിഞ്ഞിരിക്കണം. സ്കൂളുകൾ കൂടി തുറക്കാൻ പോകുന്ന ഈ ഘട്ടത്തിൽ എല്ലാവരും ഫലപ്രദമായി കൈ കഴുകുന്നതിനെപ്പറ്റി മനസിലാക്കണം. കുട്ടികളെ ചെറിയ പ്രായം മുതൽ ഫലപ്രദമായി കൈകഴുകുന്ന വിധം പഠിപ്പിക്കേണ്ടതാണെന്നും മന്ത്രി പറഞ്ഞു.

വെള്ളം കൊണ്ട് മാത്രം കഴുകിയാൽ കൈകൾ ശുദ്ധമാകുകയില്ല.

അതിനാൽ സോപ്പ് കൊണ്ട് കൈ കഴുകുന്നതാണ് ഏറ്റവും ചെലവു കുറഞ്ഞ മാർഗം. അഴുക്കിനേയും എണ്ണയേയും കഴുകിക്കളഞ്ഞ് രോഗാണുക്കളെ നശിപ്പിക്കാൻ ഇതിലൂടെ കഴിയുന്നു.

സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റ് കൊണ്ട് കൈ കഴുകുന്നതാണ് ഫലപ്രദമായ രീതി. ഇങ്ങനെ സോപ്പുപയോഗിച്ച് കൈകഴുകുന്നതിലൂടെ കോവിഡ് ഉൾപ്പെടെയുള്ള അണുബാധ പകരുന്നത് വളരെയധികം നിയന്ത്രിക്കാൻ സാധിക്കും.

ഫലപ്രദമായി കൈ കഴുകുന്നതിലൂടെ ശ്വാസകോശം, ഉദരം, കണ്ണ്, ത്വക്ക് എന്നിവയിലുണ്ടാകുന്ന അണുബാധകൾ ഒഴിവാക്കാനാകും. മാത്രമല്ല ന്യൂമോണിയ, വയറിളക്കം, ചെങ്കണ്ണ് വിവിധതരം ത്വക്ക് രോഗങ്ങൾ തുടങ്ങിയവ വളരെയധികം കുറയ്ക്കുവാനും ഇതിലൂടെ സാധിക്കും. കൈകൾ കഴുകാതെ ഒരിക്കലും മുഖം, മൂക്ക്, വായ്, കണ്ണ് എന്നിവ സ്പർശിക്കരുത്. ഫലപ്രദമായി കൈ കഴുകാനുള്ള എട്ട് മാർഗങ്ങൾ: ആദ്യം ഉള്ളം കൈ രണ്ടും സോപ്പുയോഗിച്ച് നന്നായി പതപ്പിച്ച് തേയ്ക്കുക, പുറംകൈ രണ്ടും മാറിമാറി തേയ്ക്കുക, കൈ വിരലുകൾക്കിടകൾ തേയ്ക്കുക, തള്ളവിരലുകൾ തേയ്ക്കുക, നഖങ്ങൾ ഉരയ്ക്കുക, വിരലുകളുടെ പുറക് വശം തേയ്ക്കുക, കൈക്കുഴ ഉരയ്ക്കുക, നന്നായി വെള്ളം ഒഴിച്ച് കൈ കഴുകി ഉണക്കുക.

## ഓൺലൈൻ സേവനങ്ങൾ വേഗത്തിലാക്കും: മന്ത്രി ആന്റണി രാജു

മോട്ടോർ വാഹന വകുപ്പിൽ ഓൺലൈൻ സംവിധാനത്തിന്റെ നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും സമയബന്ധിതമാക്കുവാനും ഗതാഗത മന്ത്രി ആന്റണി രാജു ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകി. ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടി. മോട്ടോർ വാഹന വകുപ്പിലും പൊതുജനങ്ങൾക്ക് കിട്ടേണ്ട സേവനങ്ങൾ മധ്യവർത്തികളുടെ ഇടപെടലില്ലാതെ ഓൺലൈനിലൂടെ സമയബന്ധിതമായി ലഭ്യമാകണമെന്നും മന്ത്രി പറഞ്ഞു. കാലാ കാലങ്ങളിലുള്ള ഫീസ് നിരക്കുകൾ വ്യക്തമായി ജനങ്ങളെ അറിയിക്കുവാനുള്ള സംവിധാനം ഓഫീസിലും വെബ്സൈറ്റിലും ഏർപ്പെടുത്തണമെന്നും ഓൺലൈൻ സേവനങ്ങൾ മനപൂർവ്വം വൈകിക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

## പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണ പരിശീലനം

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്റർ ചങ്ങനാശ്ശേരിയിൽ 27, 28, 28 തീയതികളിൽ പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക്: രളരെര വ്യ്യ@ഴാമശഹ.രീാ എന്ന ഇമെയിലിൽ ബന്ധപ്പെടാം. ഫോൺ: 04812720311, 9446536007.

## സ്കൂളുകളിലെ കോവിഡ് ചികിത്സാകേന്ദ്രങ്ങൾ മാറ്റണം: ബാലാവകാശ കമ്മീഷൻ

സ്കൂളുകളിൽ പ്രവർത്തിക്കുന്ന കോവിഡ് ചികിത്സാ കേന്ദ്രങ്ങൾ മാറ്റാൻ ബാലാവകാശ കമ്മീഷൻ നിർദ്ദേശം. ക്ലാസ് മുറികളും കെട്ടിടങ്ങളും അണുനശീകരണം നടത്തി ഒരാഴ്ചയ്ക്കുള്ളിൽ കൈമാറണം. അഞ്ചൽ സർക്കാർ ഈസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ പി.ടി.എ പ്രസിഡന്റ് സമർപ്പിച്ച പരാതിയലാണ് തീരുമാനം.

# കോവിഡ് പ്രതിരോധം പുനലൂർ നഗരസഭയിൽ സ്കൂളുകളുടെ ശുചീകരണം

കോവിഡ് പ്രതിസന്ധി തുടരവെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പുനലൂർ മുൻസിപ്പാലിറ്റിയിലെ എല്ലാ സ്കൂളുകളിലും ശുചീകരണ പ്രവർത്തനങ്ങൾ ഒക്ടോബർ 18ന് ആരംഭിക്കുമെന്ന് മുൻസിപ്പൽ ചെയർപേഴ്സൺ നിമ്മി എബ്രഹാം പറഞ്ഞു. 21 സ്കൂളുകളിലും പി. ടി. എ., എൻ.സി.സി, എൻ.എസ്.എസ്, ആശാവർക്കർമാർ, സന്നദ്ധപ്രവർത്തകർ, ക്ലബ്ബുകൾ, ലൈബ്രറി ഭാരവാഹികൾ എന്നിവയെ ഉൾപ്പെടുത്തി യോഗം ചേരും. 20 മുതൽ ശുചീകരണ യജ്ഞം നടത്തും. സ്കൂളുകളിലേക്ക് ആവശ്യമായ സാനിറ്റൈസർ, മാസ്ക് എന്നിവ നഗരസഭ വിതരണം ചെയ്യും. വലിയ സ്കൂളുകൾ ശുദ്ധീകരിക്കുന്നതിന് ഫയർഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തും.

കരീപ്ര ഗ്രാമപഞ്ചായത്തിൽ ഡി. സി. സി. യായി പ്രവർത്തിച്ചിരുന്ന കുഴിമതിക്കാട് ഹയർസെക്കന്ററി സ്കൂൾ ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ അണുവിമുക്തമാക്കി. തൊഴിലുറപ്പ് തൊഴിലാളികളുടെ നേതൃത്വത്തിൽ ഒന്നാം ഘട്ട ശുചീകരണ പ്രവർത്തനങ്ങളും നടത്തി. പഞ്ചായത്ത് പരിധിയിലെ സ്കൂളുകൾ തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ശുചീകരിച്ചു വരികയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നവംബർ ഒന്നിന് മുൻപ് സ്കൂളുകൾ പൂർണ്ണമായും അണുവിമുക്തമാക്കുമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്. പ്രശോഭ പറഞ്ഞു.

## കോവിഡ് സ്ക്വാഡ് പരിശോധന: അഞ്ചു കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്ക് തല സ്ക്വാഡ് പരിശോധനയിൽ അഞ്ച് കേസുകൾക്ക് പിഴചുമത്തി. കൊട്ടാരക്കര, ചടയമംഗലം, ഇളമാട്, കരീപ്ര, എഴുകോൺ, ഇട്ടിവ, കടയ്ക്കൽ, മേലില, നിലമേൽ, പൂയപ്പള്ളി പ്രദേശങ്ങളിൽ മൂന്നു കേസുകളിൽ പിഴ ചുമത്തുകയും 107 എണ്ണത്തിന് താക്കീത് നൽകുകയും ചെയ്തു. കുന്നത്തൂരിലെ വിവിധ പ്രദേശങ്ങളിൽ രണ്ട് കേസുകൾക്ക് പിഴ ചുമത്തി. ഒൻപത് എണ്ണത്തിന് താക്കീത് നൽകി. പത്തനാപുരം, വിളക്കുടി, പട്ടാഴി വടക്കേക്കര എന്നിവിടങ്ങളിൽ ഒൻപത് കേസുകൾക്ക് താക്കീത് നൽകി.

# ഇന്ത്യയുടെ കോവിഡ്19 വാക്സിനേഷനുകളുടെ എണ്ണം 97.14 കോടി പിന്നിട്ടു

ന്യൂഡൽഹി, കഴിഞ്ഞ 24 മണിക്കൂറിൽ 30,26,483 ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 97.14 കോടി (97,14,38,553) പിന്നിട്ടു. 95,66,873 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 19,391 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,33,82,100 ആയി. ദേശീയ രോഗമുക്തി നിരക്ക് 98.07%. രോഗമുക്തി നിരക്ക് 2020 മാർച്ചിന് ശേഷമുള്ള ഏറ്റവും ഉയർന്ന തോതിൽ ആണ്.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കൂട്ടായ ശ്രമഫലമായി, തുടർച്ചയായി 110ാം ദിവസവും പുതിയ പ്രതിദിന രോഗബാധിതരുടെ എണ്ണം 50,000 ത്തിൽ താഴെയാണ്. കഴിഞ്ഞ 24 മണിക്കൂറിൽ ഇന്ത്യയിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 16,862 പേർക്കാണ്.

നിലവിൽ രാജ്യത്തു ചികിത്സയിലുള്ളത് 2,03,678 പേരാണ് കഴിഞ്ഞ 216 ദിവസങ്ങളിലെ ഏറ്റവും കുറവ്. നിലവിൽ ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 0.60 ശതമാനമാണ്.

രാജ്യത്തെ പരിശോധനാ ശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 11,80,148 പരിശോധനകൾ നടത്തി. ആകെ 58.88 കോടിയിലേറെ (58,88,44,673) പരിശോധനകളാണ് ഇതുവരെ നടത്തിയത്.

പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 1.42 ശതമാനമാണ്. കഴിഞ്ഞ 112 ദിവസമായി ഇത് 3 ശതമാനത്തിൽ താഴെയാണ്.

പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 1.43 ശതമാനമാണ്. കഴിഞ്ഞ 46 ദിവസമായി ഇത് 3 ശതമാനത്തിൽ താഴെയും, 129 ദിവസമായി 5 ശതമാനത്തിൽ താഴെയുമാണ്.

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ സ്പോട്ട് അഡ്മിഷൻ

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഐ ടി ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ടെക്സ്റ്റയിൽ ആൻഡ് അപ്പാരൽ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ്സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ എന്നി പി ജി ഡിപ്ലോമ കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുകൾ ഉണ്ട്.

ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിക്ക് 55 ശതമാനമോ അതിൽ കൂടുതലോ മാർക്കുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ള വിദ്യാർത്ഥികൾ, 1000 രൂപ അപേക്ഷ ഫീസ് കെഎസ്ഐഡി ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയതിന്റെ രശീത് സഹിതം, വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് വൈകിട്ട് 3 ന് മുൻപായി അപേക്ഷിക്കണം. 18ന് നടത്തുന്ന ഓൺലൈൻ അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

## ലോക ഭക്ഷ്യ ദിനാഘോഷവും അവാർഡ് ദാനവും

മെട്രോ മാർട്ടിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ്, സൗത്ത് കേരള ഹോട്ടലിയേഴ്സ് ഫോറം എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ലോക ഭക്ഷ്യദിനാഘോഷവും മെട്രോ ഫുഡ് ബ്രാൻഡ് അവാർഡ് ദാനവും നാളെ (16) വൈകിട്ട് 5 ന് നടക്കും. ലോക ഭക്ഷ്യ ദിനാഘോഷങ്ങളുടെ ഉദ്ഘാടനം സിവിൽ സപ്ലൈസ് ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ.അനിൽ നിർവഹിക്കും. മെട്രോ ഫുഡ് ബ്രാൻഡ് അവാർഡ് ദാനത്തിന്റെ ഉദ്ഘാടനവും അവാർഡ് വിതരണവും ക്ഷീര വികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

തിരുവനന്തപുരം എസ്.പി. ഗ്രാന്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് പ്രസിഡന്റ് എസ്.എൻ. രഘുചന്ദ്രൻനായർ അധ്യക്ഷത വഹിക്കും.

ലോകഭക്ഷ്യദിനാഘോഷത്തിന്റെ ഭാഗമായി സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.എൻ.ഷീല, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി പ്രിൻസിപ്പൽ കെ.രാജശേഖർ, ഷെഫ് സുരേഷ് പിള്ളൈ എന്നിവരെ ആദരിക്കും.

## സ്ക്വാഡ് പരിശോധന : മൂന്ന് കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ മൂന്ന് കേസുകൾക്ക് പിഴയീടാക്കി. കുന്നത്തൂരിൽ മൂന്ന് കേസുകൾക്ക് പിഴ ഈടാക്കുകയും 22 കേസുകൾക്ക് താക്കീത് നൽകുകയും ചെയ്തു. കരുനാഗപ്പള്ളി, ഓച്ചിറ, ആലപ്പാട്, ക്ലാപ്പന, കെ.എസ്. പുരം, പ ന, നീണ്ടകര, തഴവ, തെക്കുംഭാഗം എന്നിവിടങ്ങളിൽപത്ത് കേസുകളിൽ താക്കീത് നൽകി. കൊല്ലം, പൂതക്കുളം എന്നിവടങ്ങളിൽ 11 കേസുകളിൽ താക്കീത് നൽകി. പത്തനാപുരം താലൂക്കിൽ പട്ടാഴി, തലവൂർ എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ എട്ട് കേസുകൾക്ക് താക്കീത് നൽകി.

# 100 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

ന്യൂഡൽഹി, രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു. രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവൺമെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും. കേന്ദ്ര ഗവൺമെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 100 കോടിയിലധികം (1,00,35,96,665) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്.

10.53 കോടിയിൽ അധികം (10,53,11,155) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്

# സ്വിറ്റ്സർലൻഡ് സ്വദേശികളിൽ നിന്ന് കോടികൾ തട്ടിയ സംഭവം: അന്വേഷണം തുടങ്ങി

കൊച്ചി: കേരളത്തിൽ സാമൂഹ്യപ്രവർത്തനം നടത്താനെത്തിയ സ്വിറ്റ്സർലൻഡ് സ്വദേശികളിൽ നിന്ന് 1.3 കോടി തട്ടിയ സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

കൊച്ചി തേവര സ്വദേശിയായ എൻജിനിയർ രവി മേനോനും വർക്കല സ്വദേശിയായ ഭൂമി ഇടപാടുകാരനുമെതിരേ എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ വനിതകളടക്കം ആറു വിദേശ പൗരൻമാരാണ് പരാതി നൽകിയത്.

കേരളത്തിൽ ആശ്രമം തുടങ്ങാനാണ് സ്വിറ്റ്സർലൻഡ് സ്വദേശികൾ എത്തിയത്. ഇതിനായി വർക്കലയിൽ ഭൂമി ഇടനിലക്കാരൻ വഴി കണ്ടെത്തിയിരുന്നു. ആശ്രമം നിർമിക്കാൻ കരഭൂമിയെന്നു കാണിച്ചാണ് ഇവർ ഭൂമി നൽകിയത്. ഇതിൻറെ രേഖകൾ പരിശോധിച്ചപ്പോൾ നിലം നികത്തിയെടുത്ത ഭൂമിയാണെന്ന് കണ്ടെത്തുകയുണ്ടായി.

കരഭൂമിയെന്ന് കബളിപ്പിച്ച് വർക്കലയിലെ ഭൂമി ഇടപാടുകാരൻ പണം തട്ടിയെടുത്തുവെന്ന് വിദേശികളുടെ പരാതിയിൽ പറയുന്നു. ഭൂമി തരം മാറ്റി അതിൽ ആശ്രമം പണിതു തരാമെന്ന് വാഗ്ദാനം ചെയ്താണ് കൊച്ചി സ്വദേശിയായ എൻജിനിയർ പണം തട്ടിയതെന്നാണ് ഇവരുടെ പരാതിയിൽ ഉള്ളത്.

ഭൂമി ഇടപാടുകാരനെതിരെയുള്ള പരാതി തട്ടിപ്പ് നടന്ന സ്ഥലത്തിന്റെ പരിധിയിലുള്ള വർക്കല സ്റ്റേഷനിലേക്ക് മാറ്റാൻ പോലീസ് ആലോചിക്കുന്നുണ്ട്.




**ലഹരിവിരുദ്ധ ബോധവത്കരണം ലക്ഷ്യമിട്ട് വിമുക്തി മിഷനും കുടുംബശ്രീ മിഷനും സംയുക്തമായി വള്ളക്കടവ് വാർഡിൽ സംഘടിപ്പിച്ച ഭവന സന്ദർശനത്തിൽ കൗൺസിലർ ഷാജിത നാസർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറും വിമുക്തി മിഷൻ തിരുവനന്തപുരം ജില്ല മാനേജരുമായ പി.കെ. ജയരാജ് എന്നിവർ വിദ്യാർഥികൾക്ക് ലഹരിവിരുദ്ധ ബോധവത്കരണ സന്ദേശം നൽകുന്നു.**

# വിമുക്തിമിഷൻ ലഹരിവിരുദ്ധ ഭവന സന്ദർശനം സംഘടിപ്പിച്ചു

തിരുവനന്തപുരം: മഹാത്മാഗാന്ധിയുടെ 152ാം ജന്മവാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തുന്ന ഒരു മാസത്തെ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികളുടെ ഭാഗമായുള്ള ഭവന സന്ദർശനത്തിന് തുടക്കമായി. മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽകലാമിൻറെ ജന്മദിനമായ ലോക വിദ്യാർഥി ദിനത്തിലാണ് വിമുക്തി മിഷനും കുടുംബശ്രീ മിഷനും സംയുക്തമായി ഭവന സന്ദർശനത്തിന് തുടക്കമിട്ടത്.

തിരുവനന്തപുരം കോർപ്പറേഷനിൽ വള്ളക്കടവ്, പൂന്തുറ വാർഡുകളിലായി നൂറ്റമ്പതോളം വീടുകൾ സന്ദർശിച്ച് വിദ്യാർഥികൾക്ക് ലഹരിവിരുദ്ധ ബോധവത്കരണം നൽകി. 'സേ നോ ടു ഡ്രിങ്ക്സ്, സേ നോ ടു ഡ്രഗ്സ്' എന്ന സന്ദേശം ഉയർത്തിയായിരുന്നു പ്രചാരണം. എ.പി.ജെ അബ്ദുൽകലാമിൻറെ പുസ്തകങ്ങളും വിമുക്തിയുടെ ലഹരിവിരുദ്ധ സന്ദേശങ്ങളടങ്ങിയ ലഘുലേഖകളും വിദ്യാർഥികൾക്ക് സമ്മാനിച്ചു. വാർഡ് കൗൺസിലർമാരും വിമുക്തി മിഷൻ, കുടുംബശ്രീ പ്രവർത്തകരും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളോട് സംസാരിച്ചു.

കൗൺസിലർമാരായ ഷാജിത നാസർ, മേരി ജിപ്സി, അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറും വിമുക്തി മിഷൻ തിരുവനന്തപുരം ജില്ല മാനേജരുമായ പി.കെ. ജയരാജ്, തിരുവനന്തപുരം സിഡിഎസ് വൈസ് ചെയർപേഴ്സൺ പത്മജ എസ്., തിരുവനന്തപുരം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ സി.കെ. അനിൽകുമാർ, തിരുവനന്തപുരം എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ വി.ജി. സുനിൽ, കുടുംബശ്രീ പ്രവർത്തകർ, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഭവന സന്ദർശനത്തിനും ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

തീരദേശ മേഖലയിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയിടാനും ലഹരിയുടെ കെണിയിൽ അകപ്പെടാതെ വിദ്യാർഥികളെ ബോധവത്കരിക്കുന്നതിനുമാണ് തീരദേശ വാർഡുകളായ വള്ളക്കടവ്, പൂന്തുറ എന്നിവിടങ്ങളിൽ ഭവന സന്ദർശനം നടത്തിയത്.

കോർപ്പറേഷനിലെ മറ്റു വാർഡുകളിലെയും ജില്ലയിലെ മറ്റു തദ്ദേശ സ്ഥാപനങ്ങൾക്കു കീഴിലെ പ്രദേശങ്ങളിലെയും ലഹരിവിരുദ്ധ ഭവന സന്ദർശനം തുടർന്ന് നടക്കും. വിമുക്തി മിഷൻ പ്രവർത്തകർ അതത് പ്രദേശത്തെ കുടുംബശ്രീ പ്രവർത്തകരുമായി ചേർന്നായിരിക്കും ഭവന സന്ദർശനം നടത്തുക.

ഇതിനു പുറമേ വിദ്യാർഥികളിൽ നിലനിൽക്കുന്ന അനഭിലഷണീയ പ്രവണതകൾ തിരുത്തുന്നതിനും അവരുടെ ശ്രദ്ധയും സമയവും പഠനത്തിലേക്കും കലാ കായിക പ്രവർത്തനങ്ങളിലേക്കും തിരിച്ചുവിടുന്നതിനുമായി വിമുക്തി മിഷൻ 'ഉണർവ്' എന്ന പേരിലുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, രക്ഷകർത്താക്കൾ, എക്സൈസ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, പരിസരവാസികൾ, വ്യാപാരി വ്യവസായി സമൂഹം എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇതിലൂടെ നടപ്പാക്കുന്നത്.

# വികസനകാര്യങ്ങളിൽ പ്രതിപക്ഷത്തിന് നിഷേധാത്മക സമീപനം: വിജയരാഘവൻ

തിരുവനന്തപുരം: സംസ്ഥാനത്തിൻറെ വികസനകാര്യങ്ങളിൽ പ്രതിപക്ഷത്തിന് നിഷേധാത്മക സമീപനമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എ. വിജയരാഘവൻ. കെറെയിലിനെ പ്രതിപക്ഷം എതിർക്കുകയാണ്. എന്നാൽ കെറെയിലിനെക്കുറിച്ച് ആശങ്ക വേണ്ടെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കെറെയിൽ വേഗത്തിൽ നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എന്നാൽ അത്തരം വികസനങ്ങളോട് നിഷേധാത്മക സമീപനമാണ് പ്രതിപക്ഷത്തിൻറേത്. ഈ സമീപനം ഒഴിവാക്കപ്പെടേണ്ടതാണ്. മുഖ്യമന്ത്രി പദ്ധതിയുമായി ബന്ധപ്പെടുത്തി ഉയർത്തിയ എല്ലാ വിഷയങ്ങൾക്കും വ്യക്തമായ മറുപടി നിയമസഭയിൽ നൽകിയിട്ടുണ്ട്. അതിലാർക്കും ആശങ്കയില്ലെന്നും അദ്ദേഹം പറഞ്ഞു.

കാസർഗോഡ് മുതലുള്ള ദേശീയപാത നിർമാണം പുരോഗമിക്കുകയാണ്. വിവിധ റീച്ചുകളായി ഇവയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. എത്രയും വേഗം നിർമാണം പൂർത്തിയാകും. സ്ഥലമെടുപ്പിൻറെ സമയത്ത് ഏറ്റവും കൂടുതൽ സമരങ്ങൾ നടന്നത് മലപ്പുറം ജില്ലയിലാണ്.

കുറ്റിപ്പുറം മുതൽ രാമനാട്ടുകര വരെയുള്ളയിടങ്ങളിൽ വലിയ സമരങ്ങൾ നടന്നു. എന്നാൽ ഇപ്പോൾ അവിടങ്ങളിൽ ആളുകൾ സ്വയം മുൻകൈയെടുത്ത് വീടുകളും കെട്ടിടങ്ങളുമൊക്കെ പൊളിച്ചുകൊടുക്കുകയാണ്. മികച്ച നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നുണ്ട്.

വികസനപ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിൻറെയും ജനങ്ങളുടെയും വിപുലമായ പിന്തുണ ഉണ്ടാവുമെന്നാണ് പ്രതീക്ഷയെന്നും വിജയരാഘവൻ കൂട്ടിച്ചേർത്തു.

# അഞ്ചു കിലോ സ്വർണം; തുണിയിൽ ഉരുക്കിത്തേച്ചു യുവതിയടക്കം പിടിയിൽ

നെടുമ്പാശേരി: കൊച്ചി വിമാനത്താവളത്തിൽ ആഭ്യന്തര, രാജ്യാന്തര ടെർമിനലുകളിൽ എത്തിയ അഞ്ച് യാത്രക്കാരിൽനിന്നായി അഞ്ചര കിലോ ഗ്രാം സ്വർണം പിടികൂടി. വ്യാഴാഴ്ച കസ്റ്റംസ് എയർ ഇൻറലിജൻസും ഡയറക്ടറേറ്റ് ഓഫ് റവന്യു ഇൻറലിജൻസ് (ഡിആർഐ) വിഭാഗവും നടത്തിയ പരിശോധനകളിലാണ് സ്വർണം പിടികൂടിയത്.

ദുബായിൽനിന്നും വന്ന വിമാനത്തിൽ ചെന്നൈയിൽനിന്നും കയറി സ്വർണം കടത്തിയ നാല് പേരും ദുബായിൽനിന്നു സ്വർണവുമായെത്തിയ യുവതിയുമാണ് പിടിയിലായത്.

വിമാനത്താവളത്തിലെ കസ്റ്റംസ് വിഭാഗം നടത്തിയ പരിശോധനയിലാണ് ബായിൽനിന്നും എത്തിയ കാസർഗോഡ് സ്വദേശിനിയായ സറീന അബ്ദു പിടിയിലായത്. 3,250 ഗ്രാം സ്വർണമാണ് ഇവരുടെ പക്കൽനിന്നു പിടികൂടിയത്.

സ്വർണം വസ്ത്രത്തിനകത്ത് ഉരുക്കി തേച്ചു പിടിപ്പിച്ചിരിക്കുകയായിരുന്നു. സംശയിക്കാതിരിക്കാൻ ഇതിനു മീതെ മറ്റൊരു വസ്ത്രവും ധരിച്ചാണ് ഇവർ എത്തിയത്. ഒരു വർഷം മുൻപ് പാസ്പോർട്ട് സ്വന്തമാക്കിയ ഇവർ ഇതിനിടെ രണ്ടാം തവണയാണ് വിദേശ യാത്ര നടത്തുന്നത്.

ഇതേ വിമാനത്തിൽനിന്നും 573 ഗ്രാം സ്വർണം ഉടമസ്ഥനില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലും കണ്ടെത്തി. ആഭ്യന്തര ടെർമിനൽ വഴി സ്വർണം കടത്താൻ ശ്രമിച്ച നാല് പേർ ഡിആർഐ നടത്തിയ പരിശോധനയിലാണ് പിടിയിലായത്. വിദേശത്തുനിന്നു കടത്തിക്കൊണ്ടുവന്ന സ്വർണം വിമാനത്തിൽ ഒളിപ്പിച്ച ശേഷം യാത്രക്കാരൻ ചെന്നൈയിൽ ഇറങ്ങുകയായിരുന്നു.

ഇവിടെനിന്നും ആഭ്യന്തര യാത്രക്കാരായി കയറിയ നാല് പേരാണ് ഈ സ്വർണം എടുത്ത് നെടുമ്പാശേരി വഴി പുറത്ത് കടത്താൻ ശ്രമം നടത്തിയത്. ഇത്തരത്തിൽ സ്വർണം കടത്താൻ ശ്രമിച്ച വി. രമേഷ്, സുരേഷ് ബാബു, ഷെയ്ഖ് മുഹമ്മദ് എന്നിവരിൽനിന്നായി 335 ഗ്രാം വിതം സ്വർണവും ബാലൻ ഉമാശങ്കർ എന്നയാളിൽ നിന്നും 1,100 ഗ്രാം സ്വർണവുമാണ് ഡിആർഐ ഉദ്യോഗസ്ഥർ പിടികൂടിയത്.

വിമാനത്തിനകത്തു സ്വർണം ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയത് ഏതു സാഹചര്യത്തിലാണെന്നു വ്യക്തമായിട്ടില്ല. പിടിക്കപ്പെടാൻ സാധ്യതയുണ്ടെന്ന സൂചന ലഭിച്ചതുകൊണ്ടാകാം ഇതെന്നാണു സംശയിക്കുന്നത്.

എന്നാൽ, മുൻപ് ചെയ്തതു പോലെ വിമാനത്തിനകത്തുനിന്നു ശുചീകരണ ജീവനക്കാരെയോ വിമാനത്തിലെ തന്നെ ഏതെങ്കിലും ജീവനക്കാരെയോ ഉപയോഗപ്പെടുത്തി സ്വർണം പുറത്തെത്തിക്കാൻ പദ്ധതിയിട്ടിരുന്നോയെന്നും സംശയിക്കുന്നുണ്ട്. നീണ്ട ഇടവേളയ്ക്കു ശേഷമാണ് ഇത്രയധികം സ്വർണം നെടുമ്പാശേരിയിൽ ഒറ്റയടിക്കു പിടികൂടുന്നത്.

## സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് 13ന്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പത്തനംതിട്ട ജില്ലയിലെ സിറ്റിംഗ് തിരുവല്ല പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ 13ന് രാവിലെ 10ന് നടക്കും. സിറ്റിംഗിൽ ചെയർമാൻ കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പാ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## സൗജന്യ കൗൺസിലിംഗ്

എൽ.ബി.എസ്. സെന്ററിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൂജപ്പുര സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിൽ ഉണ്ടാകുന്ന ശ്രദ്ധാക്കുറവ്, അമിതാവേശം, സംസാരവൈകല്യം, പഠനവൈകല്യം, ആഹാര ക്രമീകരണം, കരിയർ കൗൺസിലിംഗ് എന്നീ വിഷയങ്ങളിൽ സൗജന്യ കൗൺസിലിംഗ് ആരംഭിച്ചു. താൽപര്യമുള്ള രക്ഷാകർത്താക്കൾ സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് സെന്ററുമായി (പൂജപ്പുര, തിരുവനന്തപുരം 695012) ബന്ധപ്പെട്ട് പേർ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 04712345627, 9539058139 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

## അദ്ധ്യാപകരുടെ ഒഴിവിലേക്ക് അപേക്ഷിക്കാം

സംസ്ഥാനസർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിൽ, കൊല്ലം ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. ങ.ഉലെ ബിരുദം അല്ലെങ്കിൽ പിജിഡിപ്ലോമ ഇൻ ഡിസൈൻ യോഗ്യതയും, അദ്ധ്യാപനത്തിൽ/ ഇൻഡസ്ടറിയിൽ രണ്ടു വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം ബയോഡാറ്റയും, ഇഢയും സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ 18.10.2021 നു മൂന്ന് മണിക്കകം പ്രിൻസിപ്പാൾ കെഎസ്ഐഡി, ചന്ദനത്തോപ്പ് കൊല്ലം, 691014 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

## സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് 13ന്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പത്തനംതിട്ട ജില്ലയിലെ സിറ്റിംഗ് തിരുവല്ല പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ 13ന് രാവിലെ 10ന് നടക്കും. സിറ്റിംഗിൽ ചെയർമാൻ കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പാ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## സൗജന്യ കൗൺസിലിംഗ്

എൽ.ബി.എസ്. സെന്ററിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൂജപ്പുര സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിൽ ഉണ്ടാകുന്ന ശ്രദ്ധാക്കുറവ്, അമിതാവേശം, സംസാരവൈകല്യം, പഠനവൈകല്യം, ആഹാര ക്രമീകരണം, കരിയർ കൗൺസിലിംഗ് എന്നീ വിഷയങ്ങളിൽ സൗജന്യ കൗൺസിലിംഗ് ആരംഭിച്ചു. താൽപര്യമുള്ള രക്ഷാകർത്താക്കൾ സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് സെന്ററുമായി (പൂജപ്പുര, തിരുവനന്തപുരം 695012) ബന്ധപ്പെട്ട് പേർ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 04712345627, 9539058139 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

## നിയമസഭാ മാധ്യമ അവാർഡ്: തീയതി നീട്ടി

നിയമസഭ ഏർപ്പെടുത്തിയ മാധ്യമ അവാർഡുകൾക്ക് അപേക്ഷിക്കാനുള്ള സമയം ഈ മാസം 16ന് വൈകിട്ട് മൂന്നുവരെ നീട്ടി. ദൃശ്യഅച്ചടി മാധ്യമ വിഭാഗങ്ങളിലെ മികച്ച സൃഷ്ടികൾക്കായി യഥാക്രമം 'ആർ ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്', 'ഇ കെ നായനാർ നിയമസഭാ മാധ്യമ അവാർഡ്', 'ജി കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്' എന്നീ പേരുകളിലാണ് മാധ്യമ അവാർഡുകൾ നൽകുന്നത്.

## താത്പര്യപത്രം ക്ഷണിച്ചു

സംസ്ഥാന വനിതശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നിയന്ത്രണത്തിൽ തൃശ്ശൂർ ജില്ലയിൽ മാനസിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കായി സ്പെഷ്യൽ ഹോം ആരംഭിക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തന പരിചയമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. 2015 ലെ ബാലനീതി നിയമവും, ചട്ടങ്ങളും അനുസരിച്ചുള്ള പ്രവർത്തനം നിർബന്ധമാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, രണ്ട് വർഷത്തെ പ്രവർത്തന റിപ്പോർട്ട് എന്നിവ അടങ്ങിയ പ്രൊപ്പോസൽ 30 ന് മുമ്പ് സ്റ്റേറ്റ് കോഓർഡിനേറ്റർ, നിർഭയ സെൽ, ഹൗസ് നം. 40, ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം1 എന്ന മേൽ വിലാസത്തിൽ അയയ്ക്കണം. 04712331059.

## എം. ടെക് ഈവനിംഗ് കോഴ്സ്

തിരുവനന്തപുരം എൻജിനിയറിങ് കോളേജ് നടത്തുന്ന എം.ടെക് ഈവനിംഗ് കോഴ്സ് പ്രവേശനത്തിന് 28 വരെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷയുടെ പ്രിന്റ്ഔട്ട് പ്രൊഫസർ & ഹെഡ്, ഈവനിംഗ് ഡിഗ്രി കോഴ്സ് ഓഫീസ്, കോളേജ് ഓഫ് എൻജിനിയറിങ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 29ന് വൈകിട്ട് അഞ്ചിനകം സമർപ്പിക്കണം. റാങ്ക് ലിസ്റ്റ് 30ന് പ്രസിദ്ധീകരിക്കും. അഡ്മിഷൻ നവംബർ ഒന്ന്, രണ്ട് തീയതികളിലും വെയ്റ്റിങ് ലിസ്റ്റിലെ അഡ്മിഷൻ നവംബർ അഞ്ചിനും നടക്കും. വിശദവിവരങ്ങൾക്കും പ്രോസ്പെക്ടസിനും www.d-te-k-er-a-l-a.gov.in പരിശോധിക്കുക.

## സരിതയിൽ നിന്നും കൈക്കൂലി: ആര്യാടൻ മുഹമ്മദിനെതിരെ വിജിലൻസ് അന്വേഷണം

തിരുവനന്തപുരം: സോളാർ കേസിൽ മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ ആര്യാടൻ മുഹമ്മദിനെതിരെ വിജിലൻസ് അന്വേഷണം. ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്.

വലിയ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉതകുന്ന തരത്തിൽ സൗരോർജ നയം രൂപീകരിക്കാൻ ആവശ്യപ്പെട്ട് സരിത എസ്. നായരിൽ നിന്നു ആര്യാടൻ മുഹമ്മദ് 40 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന പരാതിയെക്കുറിച്ചാണ് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചത്.

മുൻമന്ത്രിയെന്ന നിലയിൽ അന്വേഷണത്തിന് ഗവർണറുടെ അനുമതിയും തേടി. മറുപടി ലഭിക്കുന്ന മുറയ്ക്കു വിജിലൻസ് അന്വേഷണ സംഘത്തെ നിശ്ചയിക്കും.

## കരിയർ ഗൈഡൻസ് പരിപാടി 15 മുതൽ

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ അഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകൾ കേന്ദ്രീകരിച്ച് 15 മുതൽ 17 വരെ കരിയർ ഗൈഡൻസ് പരിപാടി നടത്തും. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ അദ്ധ്യാപകർ, ഉദ്യോഗാർത്ഥികൾക്ക് കരിയർ ഗൈഡൻസ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകും. സെമിനാറുകളും ചർച്ചകളും നടക്കും. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കൊല്ലം ബേബി ജോൺ മെമ്മോറിയൽ ഗവ: കോളേജ്, എലന്തൂർ ഗവ: ആർട്സ്&സയൻസ് കോളേജ്, അമ്പലപ്പുഴ ഗവ: കോളേജ്, കോട്ടയം ഗവ: കോളേജ്, കട്ടപ്പന ഗവ: കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തൃശൂർ ശ്രീ സി.അച്ചുതമേനോൻ ഗവ: കോളേജ്, പാലക്കാട് ഗവ: വിക്ടോറിയ കോളേജ്, മലപ്പുറം ഗവ: കോളേജ്, കോഴിക്കോട് ഗവ: ആർട്സ്&സയൻസ് കോളേജ്, വയനാട് എൻ.എം.എസ്.എം. ഗവ: കോളേജ്, തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജ്, കാസർഗോഡ് ഗവ: കോളേജ് എന്നിവിടങ്ങളിൽ കരിയർ ഗൈഡൻസ് പരിപാടി നടക്കും.

# കലയ്ക്ക് സമർപ്പിതമായ ജീവിതം: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

ചരിത്ര നടൻ നെടുമുടി വേണുവിന്റെ നിര്യാണത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുശോചനം രേഖപ്പെടുത്തി. മലയാളത്തിലെയും ഇൻഡ്യൻ സിനിമയിലെതന്നെയും ഏറ്റവും മികച്ച നടൻമാരിലൊരാളായ നെടുമുടി വേണുവിന്റെ നിര്യാണം അതീവ ദുഃഖകരമാണ്. പരമ്പരാഗത കലകളിലും ഭാരതീയ നാട്യപദ്ധതിയിലുമുള്ള അപാരജ്ഞാനം അദ്ദേഹത്തിന്റെ അഭിനയത്തിൽ പ്രതിഫലിച്ചു. ഈ അറിവും അസാമാന്യ താളബോധവും കൊണ്ട് സിനിമയിലും അരങ്ങിലും സോപാന സംഗീതാലാപനത്തിലും തിളങ്ങിയ നെടുമുടിയുടെ ജീവിതം കലയ്ക്ക് സമർപ്പിതമായിരുന്നു. ഈ വിയോഗത്തിൽ അഗാധമായ ദു:ഖം അറിയിക്കുന്നു. ആത്മാവിന് മുക്തിനേരുന്നു', ഗവർണർ സന്ദേശത്തിൽ പറഞ്ഞു.

അഭിനയത്തെ ഭാവാത്മകമായ തലത്തിൽ ഉയർത്തുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചയാൾ: മുഖ്യമന്ത്രി പിണറായി വിജയൻ

നെടുമുടി വേണുവിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. അഭിനയത്തെ ഭാവാത്മകമായ തലത്തിൽ ഉയർത്തുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചയാളാണ് നെടുമുടി വേണു. വ്യത്യസ്തതയുള്ള കഥാപാത്രങ്ങളെ അവതരിപ്പിച്ച് ആസ്വാദകമനസ്സിൽ സ്ഥിര സാന്നിധ്യമുറപ്പിച്ച അനുഗൃഹീത നടനാണ് അദ്ദേഹം. നടനായിരിക്കെത്തന്നെ സാഹിത്യാദികാര്യങ്ങളിൽ വലിയ താത്പര്യമെടുക്കുകയും നാടൻപാട്ടുകളുടെ അവതരണം മുതൽ പരീക്ഷണ നാടകങ്ങളുടെ അവതരണം വരെ നേതൃപരമായ പങ്കോടെ ഇടപെടുകയും ചെയ്തു.

## അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒരു താത്ക്കാലിക ഒഴിവ് നിലവിലുണ്ട്

ശമ്പള സ്കെയിൽ: 68900205500, പ്രായം: 2245 വയസ്സ് (നിയമാനുസൃത വയസ്സിളവ് ബാധകം). നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ പ്രായം, ജാതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 20ന് മുമ്പായി ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഓ.സി ഹാജരാക്കേണ്ടതാണ്.

## ഡിപ്പാർട്ട്മെന്റ് ക്വാട്ടാ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

20212023 അധ്യയന വർഷം ബി.എഡ് ഡിപ്പാർട്ട്മെന്റ് ക്വാട്ടായിലേയ്ക്ക് പ്രവേശനത്തിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക/ അദ്ധ്യാപകേതര ജീവനക്കാരിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷാഫോറത്തിന്റെ മാതൃകയും വിശദവിവരങ്ങളും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും www.e-du-c-a-tion.k-er-a-l-a.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ പൊതുവിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 27ന് വൈകുന്നേരം 5 മണി.

## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

ജില്ലാ ലേബർ ഓഫീസിൽ നിന്നും മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ഒക്ടോബർ 25 ന് മുൻപ് ലൈഫ് സർട്ടിഫിക്കറ്റും ആധാർ പകർപ്പും ഫോൺ നമ്പരും ഹാജരാക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. ഫോൺ0474 2794820.

## യുവ സാഹിത്യ ക്യാമ്പ്: രചനകൾ സമർപ്പിക്കാം

സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന യുവസാഹിത്യ ക്യാമ്പിലേക്ക് 18നും 40നും ഇടയിൽ പ്രായമുള്ളവർക്ക് രചനകൾ (മലയാളം കഥ, കവിത) സമർപ്പിക്കാം. മുൻപ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും മൗലികവുമായ രചനകൾ ഡി.ടി.പി ചെയ്ത് വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി സഹിതം നൽകണം. കവിത 60 വരിയിലും കഥ എട്ട് പേജിലും കവിയരുത്. ഒക്ടോബർ 25ന് മുമ്പ് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെന്റർ, ദൂരദർശൻ കേന്ദ്രത്തിന് സമീപം, കുടപ്പനക്കുന്ന് പി. ഒ, തിരുവനന്തപുരം 695043 തപാൽ മുഖേനയോ അയക്കാം.

## അന്യത്രസേവനത്തിന് അപേക്ഷിക്കാം

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ വകുപ്പുകളിൽ സമാന തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ വകുപ്പദ്ധ്യക്ഷന്റെ നിരാക്ഷേപപത്രം, പ്രൊഫോർമ എന്നിവ ഉള്ളടക്കം ചെയ്ത അപേക്ഷ 26ന് മുൻപ് ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകണം.

# ഇന്ത്യയെ വൻസൈനികശക്തിയാക്കും: പ്രധാനമന്ത്രി

വിജയദശമി നാളിൽ പുതിയ ഏഴ് പ്രതിരോധ കമ്പനികൾ രാജ്യത്തിന് സമർപ്പിക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിലൂടെ നാടിനെ അഭിസംബോധന ചെയ്തു

ന്യൂഡൽഹി : പുതിയ ഏഴ് പ്രതിരോധ കമ്പനികൾ രാജ്യത്തിന് സമർപ്പിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിലൂടെ രാജ്യത്തെ ജനങ്ങളെ അഭിസംബോധന ചെയ്തു. പ്രതിരോധ മന്ത്രാലയം സംഘടിപ്പിച്ച ചടങ്ങിൽ പ്രധാനമന്ത്രിയെ കൂടാതെ രക്ഷാമന്ത്രി ശ്രീ രാജ്നാഥ് സിംഗ്, രക്ഷാരാജ്യമന്ത്രി ശ്രീ അജയ് ഭട്ട് തുടങ്ങിയവർ പങ്കെടുത്തു.

മഹത്തായ വിജയദശമി ദിനമായ ഇന്ന് ആയുധങ്ങൾ പൂജയ്ക്ക് വയ്ക്കുന്ന പരമ്പരാഗത ചടങ്ങ് നിലവിലുള്ളതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയിൽ ശക്തി എന്നത് സൃഷ്ടി നടത്താനുള്ള മാധ്യമമാണെന്ന് നമുക്ക് കാണാൻ കഴിയും. അതേ ഊർജത്തോടെ രാജ്യം കരുത്താർജ്ജിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. എ പി ജെ അബ്ദുൾ കലാമിനെ അനുസ്മരിച്ച പ്രധാനമന്ത്രി അദ്ദേഹം കരുത്തുറ്റ ഒരു രാജ്യത്തിനായി തന്റെ ജീവിതം ഉഴിഞ്ഞു വച്ച വ്യക്തിത്വമായിരുന്നുവെന്ന് പറഞ്ഞു. ഓർഡനൻസ് ഫാക്ടറികൾ പുനഃക്രമീകരിച്ചതും ഏഴ് കമ്പനികൾ നിർമിച്ചതും കരുത്തുറ്റ ഇന്ത്യ എന്ന അദ്ദേഹത്തിന്റെ സ്വപ്നത്തിന് ശക്തി പകരും. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അമൃത കാലത്തിൽ പുതിയ ഇന്ത്യ കെട്ടിപ്പടുക്കാനായുള്ള രാജ്യത്തിന്റെ വിവിധ ശ്രമങ്ങൾക്ക് പുതിയ പ്രതിരോധ കമ്പനികൾക്ക് സംഭാവന നൽകാനാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

പുതിയ കമ്പനികൾ നിർമിക്കാനുള്ള നടപടികൾ കാലങ്ങളോളം മുടങ്ങിക്കിടക്കുകയായിരുന്നുവെന്ന് പറഞ്ഞ പ്രധാനമന്ത്രി അവ ഭാവിയിലെ ഇന്ത്യൻ സൈനിക രംഗത്ത് കരുത്തുറ്റ അടിത്തറ പാകുമെന്ന വിശ്വാസം പ്രകടിപ്പിച്ചു. രാജ്യത്തെ ഓർഡനൻസ് ഫാക്ടറികളുടെ സമ്പന്നമായിരുന്ന ഭൂതകാലത്തെ പരാമർശിച്ച പ്രധാനമന്ത്രി ഈ കമ്പനികളെ അപ്ഗ്രേഡ് ചെയ്യുന്നതിൽ സ്വാതന്ത്ര്യാനന്തര ഭരണാധികാരികൾ അലംഭാവം കാണിച്ചതായും പറഞ്ഞു. ഇത് ഇന്ത്യക്ക് തങ്ങളുടെ പ്രതിരോധ ആവശ്യങ്ങൾക്കായി വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയുണ്ടാക്കി. "ഈ ഏഴ് പ്രതിരോധ കമ്പനികൾ ഈ സാഹചര്യം മാറ്റുന്നതിൽ നിർണായക പങ്ക് വഹിക്കും" അദ്ദേഹം പറഞ്ഞു.

ആത്മനിർഭർ ഭാരതിന്റെ ഭാഗമായുള്ള ഇറക്കുമതി ഇല്ലാതാക്കലിൽ പുതിയ കമ്പനികൾ നിർണായക പങ്ക് വഹിക്കും. 65,000 കോടിയിലധികം രൂപയ്ക്കുള്ള ഓർഡറുകൾ ഇതിനകം ലഭിച്ചത് ഈ കമ്പനികളിൽ രാജ്യത്തിനുള്ള വർദ്ധിച്ച ആത്മവിശ്വാസം പ്രതിഫലിപ്പിക്കുന്നതായി അദ്ദേഹം വ്യക്തമാക്കി.

കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കുള്ളിൽ ഉണ്ടായ പരിഷ്കാരങ്ങൾ കൊണ്ടും നടപടികൾ കൊണ്ടും പ്രതിരോധ മേഖലയിൽ മുമ്പുണ്ടാകാത്ത വിധത്തിലുള്ള വിശ്വാസ്യതയും സുതാര്യതയും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായുള്ള സമീപനവും സൃഷ്ടിക്കപ്പെട്ടതായി അദ്ദേഹം പറഞ്ഞു. രാജ്യസുരക്ഷയ്ക്കായി ഇന്ന് പൊതുസ്വകാര്യ മേഖലകൾ കൈ കോർത്ത് പ്രവർത്തിക്കുകയാണ്. പുതിയ സമീപനത്തിനുള്ള ഉദാഹരണമായി ഉത്തർപ്രദേശ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ പ്രതിരോധ ഇടനാഴികൾ അദ്ദേഹം ചൂണ്ടിക്കാണിച്ചു. യുവാക്കൾക്കും എംഎസ്എംഇകൾക്കുമായി പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനാൽ രാജ്യം കഴിഞ്ഞ കുറച്ച് വർഷങ്ങളായി നടപ്പിലാക്കിയ നയങ്ങളിലെ മാറ്റത്തിന് സാക്ഷ്യം വഹിക്കുകയാണ്. "നമ്മുടെ പ്രതിരോധ കയറ്റുമതി കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ 325 ശതമാനത്തിന്റെ വർദ്ധന രേഖപ്പെടുത്തി" അദ്ദേഹം പറഞ്ഞു.

നമ്മുടെ കമ്പനികൾ തങ്ങളുടെ ഉൽപ്പന്നങ്ങളിൽ ഏറ്റവും മികവ് പുലർത്തുക മാത്രമല്ല നമ്മുടെ ലക്ഷ്യം, മറിച്ച് അവ ആഗോള ബ്രാൻഡുകളായി മാറാനാണ് നാം ലക്ഷ്യമിടുന്നത്. മത്സരാധിഷ്ഠിത വിലയാണ് നമ്മുടെ കരുത്തെങ്കിൽ ഗുണനിലവാരവും വിശ്വസ്തതയുമായിരിക്കണം നമ്മുടെ വ്യക്തിത്വമെന്ന് അദ്ദേഹം പറഞ്ഞു. ലോകം 21ാം നൂറ്റാണ്ടിലേക്ക് കടന്ന ഈ കാലഘട്ടത്തിൽ രാജ്യങ്ങളെ സംബന്ധിച്ച് വളർച്ചയും ബ്രാൻഡ് മൂല്യവും കമ്പനികളെ സംബന്ധിച്ച് അതിന്റെ ഗവേഷണവും വികസനവും നിർണയിക്കുന്ന മൂല്യവുമാണ് പ്രധാനം. ഭാവി സാങ്കേതിക വിദ്യകളുടെ ഭാഗമാകാൻ കഴിയുന്നതിനാൽ പുതിയ കമ്പനികളോട് ഗവേഷണവും ആധുനികതയും തങ്ങളുടെ തൊഴിലിന്റെ ഭാഗമാക്കി മാറ്റാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ആധുനികതയും വൈദഗ്ധ്യവും വളർത്തിയെടുക്കാനും അവ പരിപോഷിപ്പിക്കാനുമായി ഈ പുനഃക്രമീകരണം കമ്പനികൾക്കു കൂടുതൽ സ്വയംഭരണാധികാരം നൽകും. ഗവേഷണത്തിന്റെയും വൈദഗ്ധ്യത്തിന്റെയും ഗുണഫലങ്ങൾ പരസ്പരം പങ്കിടുന്നതിന് സ്റ്റാർട്ടപ്പുകളോട് ഈ പുതിയ യാത്രയുടെ ഭാഗമാകാൻ അഭ്യർത്ഥിച്ചു.

ഗവൺമെന്റ് പുതിയ കമ്പനികൾക്ക് മികച്ച പ്രവർത്തന അന്തരീക്ഷം നൽകുക മാത്രമല്ല, മറിച്ച് പ്രവർത്തന സ്വയംഭരണാവകാശം നൽകുക കൂടി ചെയ്തതായി അദ്ദേഹം വ്യക്തമാക്കി. തൊഴിലാളികളുടെ താൽപര്യങ്ങൾ പൂർണമായി സംരക്ഷിക്കപ്പെട്ടതായി ഉറപ്പാക്കിയതായി അദ്ദേഹം ആവർത്തിച്ച് വ്യക്തമാക്കി.

പ്രവർത്തനപരമായ പരമാധികാരവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനൊപ്പം പുതിയ വളർച്ചാ സാധ്യതകളും ആധുനികതയും കൊണ്ടുവരികയും ചെയ്യുന്നതിന് ഗവൺമെന്റ് ഓർഡനൻസ് ഫാക്ടറി ബോർഡിനെ 100 ശതമാനവും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങളായി മാറ്റുകയാണ് ചെയ്തത്. പ്രതിരോധ മേഖലയിലെ തയ്യാറെടുപ്പുകൾക്ക് സ്വയം പര്യാപ്തത വർധിപ്പിക്കാൻ ലക്ഷ്യമിട്ട് സ്ഥാപിച്ച ഏഴു കമ്പനികൾ മ്യുണീഷൻസ് ഇന്ത്യ ലിമിറ്റഡ് (എംഐഎൽ), ആംഡ് വെഹിക്കിൾസ് നിഗം ലിമിറ്റഡ് (എ വി എ എൻ ഐ ആവനി), അഡ്വാൻസ്ഡ് വെപ്പൺസ് ആന്റ് എകിപ്മെന്റ് ഇന്ത്യ ലിമിറ്റഡ് (എഡബ്ല്യു ഇ ആവേ ഇന്ത്യ), ട്രൂപ്പ് കംഫർട്ട്സ് ലിമിറ്റഡ് (ടിസിഎൽ) (ട്രൂപ്പ് കംഫർട്ട് ഇനങ്ങൾ), യന്ത്ര ഇന്ത്യ ലിമിറ്റഡ് (വൈഐഎൽ), ഇന്ത്യ ഒപ്റ്റൽ ലിമിറ്റഡ് (ഐഒൽ), ഗ്ലൈഡേഴ്സ് ഇന്ത്യ ലിമിറ്റഡ് (ജിഐഎൽ) എന്നിവയാണ്.



ഔദ്യോഗിക വസതിയിൽ മൂന്ന് വയസ്സുകാരി അഫ്രയെ എഴുത്തിനിരുത്തുന്ന ജില്ലാ കലക്ടർ അഫ്സാന പർവീൺ

# അക്ഷരലോകത്തേക്ക് ജില്ലാകലക്ടറുടെ കൈപിടിച്ച് അഫ്ര

കലക്ടർ അഫ്സാന പർവീൺ 'അ' എന്ന് കൈപിടിച്ച് എഴുതിച്ച് അഫ്ര എന്ന കുഞ്ഞ് മിടുക്കിയെ അറിവിന്റെ ലോകത്തേക്ക് ആനയിച്ചു. ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി മലയാളം സ്വായത്തമാക്കിയ കലക്ടർ 'ഹരിശ്രീ' കൂടി ചൊല്ലി എഴുതിച്ചാണ് വിദ്യാരംഭദിനത്തിലെ കൗതുകക്കാഴ്ചയായി മാറിയത്. ചന്ദനത്തോപ്പ് സ്വദേശികളായ അഫ്സൽ, അൽഫിയ ദമ്പതികൾ മകൾ അഫ്ര ഇഷാനെ കലക്ടർ തന്നെ എഴുത്തിനിരുത്തണമെന്ന ആഗ്രഹവുമായി സമീപിക്കുകയായിരുന്നു.

ഔദ്യോഗിക വസതിയിൽ ലളിതമായിട്ടാണ് ചടങ്ങ് നടത്തിയത്. ചടങ്ങിന്റെ ചിട്ടവട്ടങ്ങളൊക്കെ ചോദിച്ചറിഞ്ഞ് പരമ്പരാഗത രീതിയിൽ നിലത്തിരുന്നാണ് അക്ഷരം എഴുതിച്ചത്. ജീവിതവഴിയിലെ വിജയത്തുടക്കമാകട്ടെ അറിവിന്റെ അക്ഷരങ്ങൾ എന്ന് ആശംസിച്ചു ജില്ലാ കലക്ടർ. കലക്ടറുടെ മകൻ അമാൻ മാലിക്ക് കൊച്ചു കൂട്ടുകാരിയുടെ 'എഴുത്തിനിരുത്ത്' കൗതുകത്തോടെ കണ്ടിരുന്നു.

വേർതിരിവില്ലാതെ സമൂഹത്തെ സേവിക്കാൻ വരുംതലമുറ പ്രാപ്തരാകണം. സിവിൽ സർവീസിലൂടെ ഉയരങ്ങൾ കീഴടക്കി ജനസേവകരായവർ തന്നെയാണ് ആദ്യാക്ഷരം എഴുതിക്കേണ്ടതെന്ന് ചിന്തിച്ചുറപ്പിച്ചതിന്റെ കാരണം ഇങ്ങനെ വ്യക്തമാക്കി രക്ഷിതാക്കൾ.

## ഇളവ് നിയന്ത്രണങ്ങളിൽ മാത്രം

കോവിഡ് പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽമ മാത്രമാണ് ഇളവെന്നും മാനദണ്ഡങ്ങളിൽ വീഴ്ച വരുത്താൻ അനുവദിക്കില്ലെന്നും ജില്ലാ കലക്ടർ അഫ്സാന പർവീൺ. നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയെങ്കിലും രോഗഭീതി ഒഴിഞ്ഞിട്ടില്ല. പ്രതിരോധത്തിനായുള്ള മാനദണ്ഡങ്ങൾ അതേപടി തുടരും.

രോഗവ്യാപനം തടയുന്നതിന് അനിവാര്യമായ മാസ്ക്കുകൾക്ക് അമിതവില ഈടാക്കുന്നതായി പരാതി ഉയരുന്നു. ഇത് അനുവദിക്കില്ല. പൂഴ്ത്തി വയ്ക്കുന്നതും കുറ്റകരമാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കോവിഡ് രോഗവ്യാപന നിയന്ത്രണത്തിന് ആവശ്യമായ വസ്തുക്കൾ വിൽക്കേണ്ടതുണ്ട്. പരാതികൾ കൂടിവന്നാൽ പരിശോധന നടത്തി നിയമനടപടി സ്വീകരിക്കും എന്നും കലക്ടർ മുന്നറിയിപ്പ് നൽകി.

# താൽക്കാലിക നിയമനം

ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് ടെക്നിഷ്യൻ (പ്രായപരിധി 2035), സ്റ്റാഫ് നേഴ്സ് (പ്രായപരിധി 25 40), ഡ്രൈവർ (പ്രായപരിധി 25 40) എന്നീ തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. ഡയാലിസിസ് ടെക്നിഷ്യൻ, സ്റ്റാഫ് നേഴ്സ് എന്നിവയ്ക്ക് എഴുത്തുപരീക്ഷയും ഇന്റർവ്യൂമുണ്ട്. ഡ്രൈവർക്ക് റോഡ് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയും.

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഡയാലിസിസ് കോഴ്സ്, പാരാമെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ, രണ്ടു വർഷത്തെ പ്രവൃത്തിപരിചയം എന്നിവയാണ് ഡയാലിസിസ് ടെക്നീഷ്യന്റെ യോഗ്യത. ബി.എസ്.സി നേഴ്സിങ് അല്ലെങ്കിൽ ജി. എൻ. എം, നേഴ്സിങ് കൗൺസിൽ രജിസ്ട്രേഷൻ, രണ്ടു വർഷത്തെ പ്രവൃത്തിപരിചയം എന്നിവയാണ് സ്റ്റാഫ് നേഴ്സ് യോഗ്യത. ഡ്രൈവർ ഏഴാം ക്ലാസ് പാസായായിരിക്കണം, മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും വേണം.

ഒക്ടോബർ 20 വരെ അപേക്ഷ നൽകാം. യോഗ്യത, പ്രായം പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഒക്ടോബർ 21 രാവിലെ 10 മണിക്ക് സൂപ്രണ്ടിന്റെ ചേംബറിൽ ഹാജരാകണം. ഫോൺ: 0474 2742004.

## അന്യത്രസേവനത്തിന് അപേക്ഷിക്കാം

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ വകുപ്പുകളിൽ സമാന തസ്തികയിൽ സേവനമുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ വകുപ്പദ്ധ്യക്ഷന്റെ നിരാക്ഷേപപത്രം, പ്രൊഫോർമ എന്നിവ ഉള്ളടക്കം ചെയ്ത അപേക്ഷ 26ന് മുൻപായി ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

## റാങ്ക് ലിസ്റ്റ്

ജില്ലാ സർക്കാർ നഴ്സിങ് കോളേജിലേക്കുള്ള 2021 22 അധ്യയനവർഷത്തെ പ്രൊവിഷനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഫോൺ 0474 2767610. ഇമെയിൽ : g-sn-ko-l-l-am@gm-a-i-l.com

# കിക്മയിൽ എം.ബി.എ. ഇന്റർവ്യൂ

സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർഡാമിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 202123 ബാച്ചിലേയ്ക്ക് ഒഴിവുള്ള ജനറൽ വിഭാഗത്തിലും, സഹകരണ ക്വാട്ടയിലും സംവരണം ചെയ്തിട്ടുള്ള ഏതാനും സീറ്റുകളിലേക്ക് ഓൺലൈനായി ഇന്റർവ്യൂ നടത്തും. രാവിലെ 10 മുതൽ 12 വരെയാണ് ഇന്റർവ്യൂ.

ഡിഗ്രിക്ക് 50 ശതമാനം മാർക്ക് നേടിയവർക്ക് നിബന്ധനകൾക്ക് വിധേയമായി പങ്കെടുക്കാം. സഹകരണ ജീവനക്കാരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പ് ലഭ്യമാണ്. അപേക്ഷർ m-e-e-t.goo-g-l-e.com/d-c-f-ay-k-f-cp-j എന്ന ലിങ്ക് ഉപയോഗിക്കുക.

# പി.ആർ.ഡി പ്രിസം പദ്ധതിലേക്ക് 17 വരെ അപേക്ഷിക്കാം

സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ടന്റ് എഡിറ്റർ ഒഴിവുകൾ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സംയോജിത വികസന വാർത്താ ശൃംഖല പദ്ധതിക്കായി (പ്രിസം) സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ടന്റ് എഡിറ്റർ എന്നിവരുടെ പാനൽ രൂപീകരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലാണ് പാനൽ രൂപീകരിക്കുക. ഉദ്യോഗാർത്ഥികൾ സിഡിറ്റിന്റെ റിക്രൂട്ട്മെന്റ് പോർട്ടലായ ooo.രമ്യ ലല്യ.രറശ.്യെഴ യിലെ നോട്ടിഫിക്കേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്ത് ഒക്ടോബർ 17നകം അപേക്ഷിക്കണം. ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ഫോട്ടോ എന്നിവ സൈറ്റിൽ അപ്ലോഡ് ചെയ്യണം. സൈറ്റിൽ വിവരം അപ്ലോഡ് ചെയ്തു കഴിഞ്ഞാൽ മാറ്റം അനുവദിക്കില്ല.

ജേർണലിസം ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/പി. ആർ/മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ളോമയും അല്ലെങ്കിൽ, ജേർണലിസം/പബ്ളിക് റിലേഷൻസ്/മാസ് കമ്യൂണിക്കേഷനിൽ അംഗീകൃത ബിരുദം ഉള്ളവർക്ക് സബ് എഡിറ്റർ പാനലിൽ അപേക്ഷിക്കാം. പത്രദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി. ആർ, വാർത്താ വിഭാഗങ്ങളിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാകണം.

ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/പി. ആർ/മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/പബ്ലിക് റിലേഷൻസ്/മാസ് കമ്യൂണിക്കേഷനിൽ അംഗീകൃത ബിരുദം ആണ് കണ്ടന്റ് എഡിറ്ററുടെയും ഇൻഫർമേഷൻ അസിസ്റ്റന്റിന്റെയും യോഗ്യത. പത്രദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി. ആർ, വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തി പരിചയം ഇൻഫർമേഷൻ അസിസ്റ്റന്റിന് ഉണ്ടാകണം. പത്രദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ ഓൺലൈൻ മാധ്യമങ്ങളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി. ആർ, വാർത്താ വിഭാഗങ്ങളിലോ സമൂഹമാധ്യമ വിഭാഗങ്ങളിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം കണ്ടന്റ് എഡിറ്റർ പാനലിൽ അപേക്ഷിക്കുന്നവർക്ക് ഉണ്ടായിരിക്കണം. ഇവർക്ക് സമൂഹമാധ്യമങ്ങളിൽ കണ്ടന്റ് ജനറേഷനിൽ പരിചയം ഉണ്ടാവണം. ഡിസൈനിംഗിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ലഭിക്കും. മൂന്നു പാനലിലും അപേക്ഷിക്കുന്നവർ മലയാളം ടൈപ്പിങ് അറിഞ്ഞിരിക്കണം. സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ അപേക്ഷിക്കുന്നവർക്ക് കണ്ടന്റ് എഡിറ്റർ യോഗ്യതയുണ്ടെങ്കിൽ അതിനും അപേക്ഷിക്കാം. എന്നാൽ സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലിൽ ഒന്നിൽ മാത്രമേ അപേക്ഷിക്കാനാകൂ. കണ്ടന്റ് എഡിറ്ററുടെ പരീക്ഷ ഓൺലൈനിലായിരിക്കും നടത്തുക. മറ്റു രണ്ട് പാനലിലും ജില്ലാതലത്തിൽ പരീക്ഷ നടക്കും. ഒക്ടോബർ 26 നാണ് എഴുത്തുപരീക്ഷ. ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കാനാകൂ.

35 വയസാണ് പ്രായപരിധി. 21780 രൂപയാണ് സബ് എഡിറ്ററുടെ പരമാവധി പ്രതിമാസ പ്രതിഫലം. 17940 രൂപ ആണ് കണ്ടന്റ് എഡിറ്ററുടെ പരമാവധി പ്രതിഫലം. 16940 രൂപയാണ് ഇൻഫർമേഷൻ അസിസ്റ്റന്റിന്റെ ഒരു മാസത്തെ പരമാവധി പ്രതിഫലം. വിശദാംശങ്ങൾ ooo.ുൃറ.സലൃമഹമ.ഴീ.ശി ൽ ലഭിക്കും.

## വിവാഹമോചനം: രക്ഷിതാവിന് കുട്ടിയുടെ പേര് ഉൾപ്പെടുത്തി ഒരാഴ്ചയ്ക്കുള്ളിൽ റേഷൻ കാർഡ് നൽകണം

മാതാപിതാക്കൾ വേർപിരിയുകയോ വിവാഹമോചന ക്കേസുകൾ നടക്കുകയോ ചെയ്യുന്നവരുടെ കുട്ടികളെ സംരക്ഷിക്കുന്നവർക്ക് കുട്ടിയുടെ പേര് ഉൾപ്പെടുത്തിയ റേഷൻ കാർഡ് അപേക്ഷ സ്വീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ നൽകാൻ സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. കുട്ടികളുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുന്നവർക്ക് റേഷൻ കാർഡ് ഇല്ലെങ്കിൽ കുട്ടികൾക്കും റേഷൻ നിഷേധിക്കപ്പെടും. പത്താം ക്ലാസിൽ പഠിക്കുന്ന മകന്റെ പഠനാവശ്യത്തിനായി ഭർത്താവിന്റെ റേഷൻ കാർഡിൽ നിന്നും തന്റെയും മകന്റെയും പേരുകൾ നീക്കം ചെയ്ത് പുതിയ കാർഡ് ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് കമ്മീഷന് നൽകിയ ഹർജി പരിഗണിച്ചാണ് ഭക്ഷ്യപൊതുവിതരണ സെക്രട്ടറിക്കും സിവിൽ സപ്ലൈസ് ഡയറക്ടർക്കും നിർദേശം നൽകിയത്. സാങ്കേതികകാരണങ്ങളാൽ കുട്ടിയുടെ പേര് റേഷൻ കാർഡിൽ ഉൾപ്പെടുത്താൻ കഴിയാതെ റേഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ലെന്നും കമ്മീഷൻ അംഗം റെനി ആന്റണി നിർദ്ദേശിച്ചു.

# താത്കാലിക നിയമനം

എഴുകോൺ സർക്കാർ പോളിടെക്നിക് കോളജിൽ ഗണിതശാസ്ത്രം ലക്ചറർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം. ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഒക്ടോബർ 18ന് രാവിലെ 10 മണിക്ക് യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ എത്തണം. വിശദ വിവരങ്ങൾ 04742484068 നമ്പരിൽ ലഭിക്കും.



# പട്ടം എസ് യു ടി ആശുപത്രിയിൽ ട്രാഫിക് പോലീസുകാർക്ക് മാസ്ക് വിതരണം നടത്തി

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയിൽ വച്ച് ട്രാഫിക് പോലീസുകാർക്ക് മാസ്ക് വിതരണം നടത്തി. കോവിഡ് പശ്ചാത്തലത്തിൽ പൊതുജനങ്ങളോട് കൂടുതൽ സമയം ഇടപെടുന്ന ഒരു വിഭാഗമാണ് ട്രാഫിക് പോലീസ്. അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സുരക്ഷിതത്വം നമ്മുടേയും കൂടി ഉത്തരവാദിത്വമാണെന്ന സന്ദേശം പങ്കുവെച്ചുകൊണ്ട് കേണൽ രാജീവ് മണ്ണാളി, ആശുപത്രിയുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ച95 മാസ്ക്കുകൾ തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് വിഭാഗം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് സുരേഷ് കുമാർ, അരുൺ രാജ് എന്നിവർക്ക് കൈമാറി.

ആശുപത്രിയുടെ സി എൽ ഒ രാധാകൃഷ്ണൻ നായർ, മാർക്കറ്റിംഗ് മാനേജർ അരുൺ റോയ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.